**അവലോകനം**

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ പത്ത് ദിവസം നീണ്ടുനിന്ന പതിനെട്ടാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. ജനുവരി 29-ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് ഈ സമ്മേളനം ആരംഭിച്ചത്. നമ്മുടെ സഭയിലെ അംഗമായിരുന്ന മുൻമന്ത്രി തോമസ് ചാണ്ടിയുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി 31-ന് അന്നത്തേയ്ക്ക് സഭ പിരിയുകയാണുണ്ടായത്. 2020-21 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് ഫെബ്രുവരി 7-ന് സഭയിൽ അവതരിപ്പിക്കപ്പെട്ടു.

പതിനെട്ടാം സമ്മേളനം ആകെ സമ്മേളിച്ച പത്ത് ദിവസങ്ങളിൽ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം ചർച്ച ചെയ്യുന്നതിനായി മൂന്ന് ദിവസവും ബഡ്ജറ്റിന്റെ പൊതുചർച്ചയ്ക്കായി മൂന്ന് ദിവസവും വിനിയോഗിച്ചു. 2019-20 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനകളും സഭയിൽ സമർപ്പിക്കുകയുണ്ടായി. നിയമനിർമ്മാണ കാര്യത്തിൽ 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2020-ലെ കേരള ക്രിസ്ത്യൻ

സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്, അയയ്ക്കുകയും തുടർന്ന് വിശദമായി ചർച്ച ചെയ്ത് പാസ്സാക്കുകയും ചെയ്തു.

ഈ സമ്മേളനത്തിൽ 8 അടിയന്തരപ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് സഭ പരിഗണിച്ചു. അതിൽ ഫെബ്രുവരി 10-ന് ശ്രീ. സണ്ണി ജോസഫ് നോട്ടീസ് നൽകിയ കാർഷിക മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച അടിയന്തരപ്രമേയ നോട്ടീസിന്മേൽ സഭ രണ്ട് മണിക്കൂറിലധികം സമയം ചർച്ച നടത്തുകയുമുണ്ടായി.

ഈ സമ്മേളനവുമായി ബന്ധപ്പെട്ട് 210 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 2592 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 23 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. സഭാതലത്തിൽ 161 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും മന്ത്രിമാർ അവയ്ക്ക് മറുപടി നൽകുകയും ചെയ്തു.

ഈ സമ്മേളനം മുതൽ 'ഇ നിയമസഭ പദ്ധതി'ക്ക് തുടക്കം കുറിച്ച സാഹചര്യത്തിൽ വിവിധ വകുപ്പുകളിൽനിന്നും ഉത്തരങ്ങളുടെ ഹാർഡ് കോപ്പിയോടൊപ്പം സോഫ്റ്റ് കോപ്പി കൂടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം നക്ഷത്രചിഹ്നമിട്ട 210 ചോദ്യങ്ങളിൽ 149

എണ്ണത്തിനും നക്ഷത്രചിഹ്നമിടാത്ത 2592 ചോദ്യങ്ങളിൽ 1167 എണ്ണത്തിനുമാണ് ഇപ്രകാരം മറുപടി ലഭിച്ചത്. എല്ലാ വകുപ്പുകളും ഉത്തരങ്ങൾ സോഫ്റ്റ് കോപ്പിയായി നൽകണമെന്നും ബഹുമാനപ്പെട്ട മന്ത്രിമാർ അതിന് പ്രത്യേക മുൻകൈ എടുക്കണമെന്നും ചെയർ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവയുടെ മറുപടിയും സോഫ്റ്റ് കോപ്പിയായി ലഭ്യമാക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു. മാറുന്ന കാലത്തെ അഭിസംബോധന ചെയ്യാനും 'ഇ നിയമസഭ' യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനുമുള്ള ബോധപൂർവ്വമായ പരിശ്രമം ബഹുമാനപ്പെട്ട മന്ത്രിമാരും അംഗങ്ങളും ഇക്കാര്യത്തിൽ കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി,

ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി എന്നിവർ അതത് ദിവസം തന്നെ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാരെ പ്രത്യേകം അഭിനന്ദിക്കുന്നു.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ മറ്റു മന്ത്രിമാരും ഈ മാതൃക സ്വീകരിക്കേണ്ടതാണെന്നും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടി, ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്നും ചെയർ ഓർമ്മിപ്പിക്കുന്നു.

14 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടെയും 81 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ ഈ സമ്മേളനകാലത്ത് സഭയിൽ ഉന്നയിക്കപ്പെടുകയുണ്ടായി. സംസ്ഥാനത്ത് കൊറോണ വൈറസ് രോഗബാധ സ്ഥിരീകരിച്ചതിനെത്തുടർന്നുള്ള സാഹചര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് ഫെബ്രുവരി 2-ന് സഭയിൽ ഒരു പ്രസ്താവന

നടത്തുകയുണ്ടായി. ആദായ നികുതി നിയമത്തിലെ ആറാം വകുപ്പ് പ്രവാസി ഇന്ത്യാക്കാരെ ദോഷകരമായി ബാധിക്കുന്ന രീതിയിൽ ഭേദഗതി ചെയ്യാനുള്ള കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റ് പ്രമേയം ഫെബ്രുവരി 6-ന് സഭയിൽ അവതരിപ്പിക്കുകയും ഏകകണ്ഠമായി പാസ്സാക്കുകയുമുണ്ടായി.

'കടലാസ് രഹിത നിയമസഭ' എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായുള്ള 'ഇ നിയമസഭ' പദ്ധതിക്ക് ഈ സമ്മേളനത്തിൽ തുടക്കം കുറിക്കുവാൻ നമുക്ക് കഴിഞ്ഞു. നിയമസഭയുടെ പ്രവർത്തനങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾക്കാണ് ഇവിടെ തുടക്കമായിരിക്കുന്നത്. തുടർന്നുള്ള സമ്മേളനങ്ങളിൽ പൂർണ്ണമായ രീതിയിൽ ഇത് നടപ്പിലാക്കാനാണ് ഘട്ടംഘട്ടമായി ഉദ്ദേശിക്കുന്നത്. അതിനായുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രിന്റിംഗ് പരമാവധി ഒഴിവാക്കുവാനും സഭാ സമ്മേളനവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും മുന്നിലുള്ള ഡിവൈസിലും അംഗങ്ങൾക്കായി വിതരണം നടത്തിയിട്ടുള്ള ഐ പാഡിലും ലഭ്യമായിക്കൊണ്ടിരിക്കുകയാണ്. ഈ സൗകര്യം അംഗങ്ങൾക്ക് കൂടുതൽ പ്രയോജനകരമായിരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഈ

സൗകര്യങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

പത്തു ദിവസം നീണ്ടുനിന്ന ഈ സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, വിവിധ കക്ഷി നേതാക്കൾ, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികളുമായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുകളിലെയും എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ.. ഓർഡർ.... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 4.24-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)